# പതിമൂന്നാം കേരള നിയമസഭ

## 10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4055 — 03/02/14-ൽ മറുപടിയ്ക്ക്

## ഡിസ്ട്രിക്റ്റ് ഡെന്റൽ ഹെൽത്ത് കോർഡിനേറ്റർമാരായി ഹൈജീനിസ്റ്റുകളെ നിയമിക്കുവാൻ നടപടി

| | ചോദ്യം<br>ശ്രീ. ഇ.എസ്. ബിജിമോൾ | | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ദന്തൽ ഹൈജീനിസ്റ്റുകളുടെ സേവനം കൂടുതൽ ഉപകാര പ്രദമാക്കുവാൻ സീനിയർ ദന്തൽ ഹൈജീനിസ്റ്റുകളെ സീനിയർ ഓഫ്ത്താൽമിക്ക് അസിസ്റ്റന്റ് മാതൃകയിൽ ജില്ലാ/താലൂക്ക് ആശുപത്രികളിൽ നിയമിക്കുന്നതിന് പുനർ നിർണ്ണയം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | ആരോഗ്യ വകുപ്പിൽ നിലവിൽ ദന്തൽ ഹൈജീനിസ്റ്റിന്റെ 79 തസ്തികകളാണ് ഉള്ളത്. ആയതിൽ 15 തസ്തികകളിൽ സീനിയർ ദന്തൽ ഹൈജീനിസ്റ്റുകളും, 32 തസ്തികകളിൽ ഗ്രേഡ്-1 ദന്തൽ ഹൈജീനിസ്റ്റുകളും, 32 തസ്തികകളിൽ ഗ്രേഡ്-2 ദന്തൽ ഹൈജീനിസ്റ്റുകളുമാണ് ജോലി ചെയ്തു വരുന്നത്. ആരോഗ്യ വകുപ്പിൽ നിലവിൽ സീനിയർ ഒപ്റ്റോമെട്രിസ്റ്റുമാരുടെ 66 തസ്തികകളാണ് ഉള്ളത്. ഈ വിഭാഗത്തിൽപ്പെട്ടവരെ ഇപ്പോൾ ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ മാത്രം നിയമിക്കുന്നതിന് 28.02.2011 ലെ സ.ഉ(എം.എസ്) നം. 145/2011/ആകുവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ സീനിയൽ ദന്തൽ ഹൈജീനിസ്റ്റുകളുടെ തസ്തിക പരിമിതമായതിനാൽ (15 എണ്ണം), ഈ വിഭാഗത്തിൽപ്പെട്ടവരെ സംസ്ഥാനത്തെ ജനറൽ ആശുപത്രികളിലും, ജില്ലാ ആശുപത്രികളിലും മാത്രമായി നിയമിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ബി) | എല്ലാ ജില്ലകളിലും ദന്താരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഡിസ്ട്രിക്റ്റ് ഓഫ്ത്താൽമിക്ക് കോർഡിനേറ്റർ മാതൃകയിൽ ഡിസ്ട്രിക്റ്റ് ഡെന്റൽ ഹെൽത്ത് കോർഡിനേറ്റർമാരായി ഡെന്റൽ ഹൈജീനിസ്റ്റുകളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ.